LIBRARY ARCHIVES Kerala Legislative Assembly

മാലിന്യസംസ്കരണ പ്ലാന്റുകൾ

143 (1517) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വൻകിട മാലിന്യ സംസ്കരണ പ്ളാന്റുകൾ പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതാണെന്ന 2012-13-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്ത് തുകയാണ് വകയിരുത്തിയിരുന്നത് ;

(സി) പ്രസ്തുത പദ്ധതിക്കായി ഓരോ വർഷവും അനുവദിക്കപ്പെട്ട തുകയിൽ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കുമോ?

ഉത്തരം

(എ-സി) 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനായി 100 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ടി പ്രഖ്യാപന പ്രകാരം മാലിന്യ സംസ്കരണ പ്ലാന്റുകൾ യാഥാർത്ഥ്യമായിട്ടില്ല. ആകയാൽ ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. കൊച്ചി ബ്രഹ്മപുരത്ത് ഒരു വൻകിട പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

കെട്ടിട നിർമ്മാണചട്ടങ്ങൾ

144 (1518) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ചട്ടപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകാൻ സർക്കാരിന് അധികാരമുണ്ടോ;

(ബി) പ്രസ്തുത അധികാരം എന്ന് മുതല്ക്കാണ് നിലവിൽ വന്നത്;

(സി) ചട്ടം ഭേദഗതി ചെയ്തുകൊണ്ടുള്ള ഉത്തരവ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3C, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3C എന്നിവ പ്രകാരം ചില സാഹചര്യങ്ങളിൽ കെട്ടിടങ്ങൾക്ക് ഇളവ് (Exemption) നൽകുന്നതിനുള്ള വ്യവസ്ഥകളുണ്ട്.